# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2672    13.03.2020 ൽ മറുപടിക്ക്**

**മഞ്ചേരിക്കുഴി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | | ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) മഞ്ചേരിക്കുഴി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ;<br><br>ബി) സ്ഥലമേറ്റെടുക്കലിനായി പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | എ) യും ബി) യും | മഞ്ചേരിക്കുഴി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി Original Requisition പ്രകാരമുള്ള സ്ഥലമേറ്റെടുക്കൽ കുന്നത്തുനാട് വില്ലേജിൽ പൂർത്തിയായിട്ടുണ്ട്. കാക്കനാട് വില്ലേജിൽ ഒരു വ്യക്തിയുടെ 7.20 ആർ സ്ഥലം കൂടി ഏറ്റെടുത്ത് ലഭിക്കാനുണ്ട്. നിലവിലുള്ള എൽ എ ആക്ട് പ്രകാരമുള്ള ഏറ്റെടുക്കൽ നടപടികളിലൂടെ മാത്രമേ പ്രസ്തുത ഭൂമി ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂ എന്നും ഭൂമി ഏറ്റെടുക്കലിനായി 09.02.2016-ലെ ജി ഒ (ആർ ടി) നം. 312/2016/ പി ഡബ്ല്യൂ ഡി ഉത്തരവ് പ്രകാരം അനുവദിച്ച തുക ഈ ഭൂമി ഏറ്റെടുക്കുന്നതിന് അപര്യാപ്തമാണെന്നും സ്പെഷ്യൽ തഹസീൽദാർ എൽ എ (ജനറൽ) എറണാകുളം അറിയിച്ചിട്ടുണ്ട്. കൂടാതെ വാട്ടർ മെട്രോ പദ്ധതിക്കുവേണ്ടി പാലത്തിന്റെ Vertical Clearance 5m വേണ്ടതിനാൽ പാലത്തിന്റെ ഡിസൈൻ പുതുക്കി ലഭ്യമാക്കേണ്ടിവന്നു. അതു പ്രകാരം ഇടച്ചിറ ഭാഗത്ത് (കാക്കനാട് വില്ലേജ്) പാലത്തിനു ഇരുവശവും ഉള്ള സ്ഥല ഉടമകൾക്ക് സർവ്വീസ് റോഡ് നൽകുന്നതിനായി 7.5 സെന്റ് |

സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. പാലത്തിന്റെ ആലുവ ഭാഗത്തും (കുന്നത്തുനാട് വില്ലേജ്) അപകട സാധ്യത കുറക്കുന്നതിനായി അധികമായി 2.5 സെന്റ് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഇടച്ചിറ ഭാഗത്ത് (കാക്കനാട്) ഏറ്റെടുത്ത് ലഭിക്കാനുള്ള 18 സെന്റ് സ്ഥലത്തിനു പുറമേ 7.5 സെന്റ് സ്ഥലവും ആലുവ ഭാഗത്ത് (കുന്നത്തുനാട് വില്ലേജ്) 2.5 സെന്റ് സ്ഥലവും ഉൾപ്പെടെ ആകെ 28 സെന്റ് സ്ഥലം ആണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. സ്ഥലം ഏറ്റേടുക്കുന്നതിനു വേണ്ടി പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ